# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/181/2018 2018 ആഗസ്റ്റ് 20

## പത്രക്കുറിപ്പ്

***എം.ജി വിസിയെ തെരെഞ്ഞെടുക്കാനുള്ള സേർച്ച് കമ്മിറ്റിയിലേക്കു ഡോക്ടർ .പ്രബാഷ് അംഗം***

മഹാത്മാ ഗാന്ധി സർവകലാശാലയിൽ വൈസ് ചാന്സലറെ തെരെഞ്ഞെടുക്കാനുള്ള സേർച്ച് കമ്മിറ്റിയിലേക്കു, ഡോക്ടർ ജെ .പ്രഭാഷിനെ 20 08 18 ൽ കൂടിയ എം.ജി. സെനറ്റ് യോഗം തെരെഞ്ഞെടുത്തു .

**ഡി.ലിറ്റ് ബിരുദ ദാന ചടങ്ങു മാറ്റി .**

കേരളത്തിലെ പ്രളയ ദുരിതത്തിന്റെ പശ്ചാതലത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല ഓഗസ്റ്റ് 31 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഡി.ലിറ്റ് ബിരുദ ദാന ചടങ്ങു മാറ്റി വച്ചു .

**സർവകലാശാല യൂണിയൻ തെരെഞ്ഞെടുപ്പ് മാറ്റി .**

സെപ്റ്റംബർ 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ തെരെഞ്ഞെടുപ്പ് മാറ്റി വച്ച്. പുതുക്കിയ തീയതി പിന്നീട് .

**കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് സെപ്റ്റംബർ 14 ന് .**

ഓഗസ്റ്റ് 16 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മഴക്കെടുതി മൂലം മാറ്റി വച്ചതും ആയ എം.ജി. സർവകലാശാലയുടെ കീഴിലെ കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് ,വോട്ടെണ്ണൽ എന്നിവ സെപ്റ്റംബർ 14 ന് നടത്തുന്നതാണ് .

**പ്രളയക്കെടുതിയിൽ സെർടിഫിക്കറ്റുകൾ നഷ്ട്ടപ്പെട്ടവർക്കായി അദാലത്**

പ്രളയക്കെടുതിയിൽ സെർടിഫിക്കറ്റുകൾ നഷ്ട്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പകരം സർട്ടിഫിക്കറ്റ് , സൗജന്യമായി ലഭ്യമാക്കുന്നതിന് എം.ജി . സർവകലാശാല സെപ്റ്റംബർ മാസം 22 ന് അദാലത്തു നടത്തുന്നു. നഷ്ടപ്പെട്ടവർ പരാതികൾ സെപ്റ്റംബർ മാസം ഇരുപത്തിരണ്ടാം തീയതിക്കു മുൻപ് vc @ mgu .ac .in എന്ന മെയിൽ ഐഡിയിലേക്ക് അയക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു .

ചാൻസിലർ എം.ജി.സർവകലാശാല ഫാക്കൽറ്റി  ഡീൻ മാരെ നോമിനേറ്റ്  ചെയ്തു .

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഫാക്കൽറ്റി  ഡീൻ മാരായി Dr .കെ.എം. കൃഷ്ണൻ (ലാംഗ്വേജ് & ലിറ്ററേറ്ച്ചർ ), Dr. കെ.എം. സീതി  (സോഷ്യൽ സയൻസ്), ശ്രീ എസ് .ഗോപകുമാർ  (ഫൈൻ ആർട്സ് ), Dr . സി. സുദർശനകുമാർ  (സയൻസ്),Dr .റസിയ ബീഗം എസ്   ( കോമേഴ്സ്) ,Dr .ബിസ്മി ഗോപാലകൃഷ്ണൻ (ലോ), Dr . ജയാ ജെയ്സ് (എഡ്യൂക്കേഷൻ), Dr . സി. കെ. ആനന്ദൻ (എഞ്ചിനീയറിംഗ് & ടെക്നോളജി), Dr .സന്തോഷ്  പി തംബി (മാനേജ്മെന്റ് സയൻസ്),Dr . ഇ.വി.രാമസ്വാമി (എൻവിയോൺമെന്റൽ & അറ്റ്മോസ്ഫിയറിക്  സയൻസ് ),Dr . പി.എസ് .സുകുമാരൻ (ബിഹേവിയറൽ സയൻസ്), Dr . റോബിനെറ്റ്  ജേക്കബ്  (ടൂറിസം സ്റ്റഡീസ് ),Prof . പി.എം. സുകുമാരൻ (പാരാമെഡിക്കൽ സയൻസ്) എന്നിവരെ ചാൻസിലർ പി. സദാശിവം നോമിനേറ്റ്  ചെയ്തു .

പ്രളയണന്തര ശുചീകരണം : എം.ജി. സർവകലാശാല  കിറ്റുകൾ  നൽകും .

വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന്  ദുരിതാശ്വാസ  ക്യാമ്പുകളിൽ കഴിയുന്നവർക്ക് പ്രളയണന്തര ശുചിത്വ ബോധവല്കരണവും പരിരക്ഷയും ആയി എം.ജി. സർവകലാശാല. വീടും പരിസരവും ശുചീകരിക്കാൻ സഹായകം ആയ എട്ട് ശുചീകരണ വസ്തുക്കൾ അടങ്ങിയ കിറ്റുകൾ കോട്ടയം ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യാൻ  വൈസ് ചാൻസലർ Dr . ബാബു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ  ചേർന്ന വിവിധ സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ സർവകലാശാല തീരുമാനിച്ചു .

കിറ്റുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം ആരോഗ്യ പ്രവർത്തകർ നൽകുന്ന പ്രളയണന്തര ശുചിത്വ ബോധവല്കരണവും നടത്തുന്നതാണ് .ക്ലോറിൻ ,ഫിനയിൽ മുതലായ  ശുചീകരണ വസ്തുക്കൾ  അടങ്ങിയ  1000  കിറ്റുകൾ ഒന്നാം ഘട്ടംആയി ജില്ലയിലെ വിവിധ ക്യാമ്പുകളിൽ  വിതരണം ചെയ്യും .

ഹാൾടിക്കറ്റുകൾ  ഡൌൺലോഡ് ചെയ്യാം .

ഓഗസ്റ്റ് 30 ന്  ആരംഭിക്കുന്ന  നാലും ആറും  സെമസ്റ്റർ സി.ബി.സി.എസ് എസ്  (2013 ന്റെ മുൻപുള്ള അഡ്മിഷൻ ) ബിരുദ പരീക്ഷകളുടെ  ഹാൾടിക്കറ്റുകൾ  ഇന്നു മുതൽ ( ഓഗസ്റ്റ് 21 ) കോളേജുകളിൽ  ഡൌൺലോഡ് ചെയ്യാവുന്നതാണ് .

പരീക്ഷാഫലം

2018 ഏപ്രിൽ മാസത്തിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (റെഗുലർ & സപ്പ്ലൈമെന്ററി ) പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്തി.
സൂഷ്മപരിശോധനയ്ക്കു ഓഗസ്റ്റ് 29  വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സ് സയൻസ് (റെഗുലർ), മാസ്റ്റർ ഓഫ് അപ്പ്ലൈഡ് സയൻസ് (സപ്പ്ലൈമെന്ററി ),മെഡിക്കൽ ഡോക്യുമെന്റേഷൻ പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്തി . സൂഷ്മപരിശോധനയ്ക്കു ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടന്ന ബി എ (സിബിസിസ് പ്രൈവറ്റ് മോഡൽ I ) പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്തി . സൂഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനും ഓഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടന്ന ബി.ഫാം(റെഗുലർ & സപ്പ്ലൈമെന്ററി ) അവസാന വർഷ പരീക്ഷ ഫലം പ്രസിദ്ധപ്പെടുത്തി . സൂഷ്മപരിശോധനയ്ക്കും പുനർമൂല്യ നിർണയത്തിനും ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)